**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3495 18.02.2013 - ൽ മറുപടിയ്ക്ക്

കേരളസാമൂഹ്യസുരക്ഷാ മിഷൻ പദ്ധതികൾ

ചോദ്യം ഉത്തരം

ശ്രീ. ചിറ്റയം ഗോപകുമാർ

**ഡോ. എം.കെ. മുനീർ**
( ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദാംശം സഹിതം അറിയിക്കുമോ; | (എ) | 1. <u>ക്യാൻസർ സുരക്ഷാ പദ്ധതി</u><br>.കുട്ടികളിലെ ക്യാൻസർ രോഗത്തിന് ശരിയായ ചികിത്സയും പരിചരണവും നൽകി സുഖപ്പെടുത്തുന്ന പദ്ധതി<br><br>2. <u>താലോലം പദ്ധതി</u><br>ജനിതകരോഗങ്ങളും മറ്റ് ഗുരുതര രോഗങ്ങളും ബാധിച്ചിട്ടുള്ള കുട്ടികൾക്കുള്ള ചികിത്സാ പദ്ധതി<br><br>3. <u>ആശ്വാസ കിരണം പദ്ധതി</u><br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും ശയ്യാവലംബരുമായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 400/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി<br><br>4. <u>സ്നേഹസ്പർശം പദ്ധതി</u><br>ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.<br><br>5. <u>സ്നേഹസാന്ത്വനം പദ്ധതി</u><br>എൻഡോസൾഫാൻ ദുരിതബാധിതരായ കടുത്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതി<br><br>6. <u>എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി</u> |

| | | | |
|---|---|---|---|
| | | | 7.വയോമിത്രം പദ്ധതി<br>നഗര പ്രദേശങ്ങളിലെ 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനു വേണ്ടി ഹെൽപ്പ് ഡെസ്ക്ക്, ആംബുലൻസ് സർവീസ്, മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് ഹോം കെയർ, സൗജന്യ മെഡിസിൻ എന്നിവ നൽകുന്ന പദ്ധതി.<br><br>8. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി.<br><br>9. വിശപ്പു രഹിത നഗരം പദ്ധതി<br>സംസ്ഥാനത്തെ എല്ലാ വ്യക്തികളും ഒരു ദിവസത്തിൽ ഒരു നേരമെങ്കിലും ഭക്ഷണം കഴിച്ചിരിക്കണം എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് വിശപ്പുരഹിത നഗരം പദ്ധതി<br><br>10. ശ്രുതിതരംഗം പദ്ധതി ശ്രവണ വൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതി<br><br>11. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി<br><br>12. സ്നേഹപൂർവ്വം പദ്ധതി<br>മാതാപിതാക്കൾ രണ്ടുപേരും മരിച്ചുപോകുകയോ, ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതിയില്ലാതാവുകയും ഇത്തരം കുട്ടികൾ അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണത്തിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്ന ഉദ്ദേശ്യത്തോടെ ഇവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | 13. ഒ.ആർ.സി. പദ്ധതി<br>കുട്ടികളിൽ കുറ്റവാസനകളുടെയും മയക്കുമരുന്നുകളുടെയും മദ്യത്തിന്റേയും ഉപയോഗവും സാമൂഹ്യ വിരുദ്ധ മനോഭാവവും വളർന്നു വരുന്നതു കാരണം കുറ്റകൃത്യങ്ങൾ സമൂഹത്തിൽ നടക്കുന്നത് തടഞ്ഞ് ഇവരെ സാന്മാർഗികളായി കൊണ്ടു വരികയെന്ന ഉദ്ദേശ്യത്തോടു കൂടി വിദ്യാഭ്യാസ വകുപ്പിനേയും ആഭ്യന്തരവകുപ്പിനേയും പൊതു സമൂഹത്തേയും കൂട്ടിയിണക്കി കൊണ്ട് നടപ്പാക്കുന്ന പദ്ധതി |
| (ബി) | ഈ സർക്കാർ പുതിയതായി എന്തെല്ലാം പദ്ധതികൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്നു; എങ്കിൽ ആയതിന്റെ വിവരങ്ങൾ വിശദമാക്കുമോ? | (ബി) | കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തിരം കിഡ്നി തകരാറുമൂലം സ്ഥിരമായി ഡയാലിസിസ് വേണ്ടി വരുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രതിമാസം 525/- രൂപ നിരക്കിൽ 01.04.2012 മുതൽ പ്രാബല്യത്തിൽ പെൻഷൻ അനുവദിക്കുന്നതിനുള്ള പദ്ധതിയാണ് പുതുതായി നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ